(പ്രസിദ്ധീകരണത്തിന്)

09..01..2017

# പ്രേരക്മാരുടെ വേതനത്തിൽ വർദ്ധന

സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിക്ക് കീഴിൽ പ്രവർത്തിക്കുന്ന സാക്ഷരതാ പ്രേരക്മാരുടെ വേതനം വർദ്ധിപ്പിച്ച് സർക്കാർ ഉത്തരവിറക്കി. (ജി.ഒ. (ആർടി) നമ്പർ 27/2017/പൊ.വി.വ). നോഡൽ പ്രേരക്മാർക്ക് 15000, പ്രേരക്മാർക്ക് 12000, അസിസ്റ്റന്റ് പ്രേരക്മാർക്ക് 10500 എന്നീ ക്രമത്തിലാണ് വർദ്ധന.

നിലവിൽ നോഡൽ പ്രേരക്മാർക്ക് 3800, പ്രേരക്മാർക്ക് 2900, അസിസ്റ്റന്റ് പ്രേരക്മാർക്ക് 2500 എന്നിങ്ങനെയാണ് വേതനം ലഭിച്ചുകൊണ്ടിരുന്നത്. ഈ ഉത്തരവിലൂടെ വേതന വർദ്ധനയെന്ന പ്രേരക്മാരുടെ ദീർഘകാലത്തെ ആവശ്യമാണ് എൽ.ഡി.എഫ്. സർക്കാർ നിറവേറ്റിയിരിക്കുന്നത്.